# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2247 06.02.2019-ൽ മറുപടിക്ക്

## കായംകുളം കൃഷ്ണപുരം കൊട്ടാരം പുനരുദ്ധാരണ പദ്ധതികൾ

**ചോദ്യം**
ശ്രീമതി യു. പ്രതിഭ

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ നിലവിൽ നടത്തുന്ന പുനരുദ്ധാരണ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചുവരുന്നു എന്നും വിശദമാക്കാമോ? | | കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ മേൽക്കൂരയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ, കൊട്ടാരത്തിന്റെ മുൻവശത്തെ പൊളിഞ്ഞുവീഴാറായ മതിൽ പൊളിച്ചുമാറ്റി പുതിയ മതിൽ നിർമ്മിക്കുക, കൊട്ടാരത്തിന്റെ എല്ലാ ഭാഗത്തും പെയിന്റ് ചെയ്യുക, വാതിലുകൾ, ജനാലകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പുനഃരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇതിലേക്കായി 38,85,377/- രൂപ ചെലവായിട്ടുണ്ട്. കൂടാതെ കൊട്ടാരത്തിന്റെ പൂന്തോട്ടം സജ്ജീകരിക്കുന്നതും അനുബന്ധ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിനായി 61,67,116/- രൂപയുടെ ഭരണാനുമതി നൽകുകയും മൊബലൈസേഷൻ അഡ്വാൻസായി അഗ്രോയ്ക്ക് 12,33,423/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ